KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

# മിഴാവ്



## ഡിജിറ്റൽ മാസിക

**ഒരു ലിറ്റിൽ കൈറ്റ്സ് സംരംഭം**

**2019**



Little Kites
We Play* We Explore* We Learn



# കെ.കെ.പി.എം.ജി.എച്ച്.എസ്സ്.എസ്സ്

# അമ്പലപ്പുഴ

ലിറ്റിൽകൈറ്റ്സിന്റെ നേതൃത്വത്തിൽ
തയാറാക്കിയ "മിഴാവ്" എന്ന ഡിജിറ്റൽ മാഗസിൻ
കുട്ടികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പി
ക്കുവാൻ വളരെ അധികം സഹായകമായിട്ടുണ്ട് ഈ
ഉദ്യമത്തിനു വേണ്ടി പ്രയത്നിച്ച എല്ലാ
അധ്യാപകരെയും വിദ്യാർത്ഥികളെയും
സ്നേഹവാത്സല്യങ്ങളോടെ അഭിനന്ദിക്കുന്നു .



പ്രഥമാധ്യാപിക.
റാണിക്കുട്ടി സേവ്യർ

ഇന്ന് ജനവരി 19 ബഷീർ ജന്മദിനം

നമുക്ക് സ്നേഹിക്കാം .....

ചെമ്പകത്തിന്റെ..........

മഴയുടെ ...മകരക്കാറ്റിന്റെ .....

പുതുമണ്ണിന്റെ ....

പാലപ്പൂവിന്റെ ...മണമുള്ള

നമ്മുടെ കേരളത്തെ ....
പ്രളയാന്തര കേരളത്തിനായി
നമുക്കൊരുമിച്ച് മുന്നേറാം
നമുക്ക് മറക്കാതിരിക്കാം

മലയാള ഭാഷയെ ....

മലയാളത്തിന്റെ നന്മയെ ...

സ്നേഹത്തെ ,വാത്സല്യത്തെ...

ഈ ഡിജിറ്റൽ മാഗസിനെ യാഥാർത്ഥ്യമാക്കിയ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും ഞങ്ങൾക്ക് മാർഗ്ഗ നിർദേശം നൽകിയ ടീച്ചേഴ്സിന് നന്ദി.

**എഡിറ്റർ**

*അർജ്ജുൻ.എം ,IXA*



# ഉള്ളടക്കം


| | | |
|---|---|---|
| 1 .കേളീകേരളം (കവിത) - | അനന്തകൃഷ്ണൻ - | പേജ് 6 |
| 2 .കൊതിച്ചതും വിധിച്ചതും (ചെറുകഥ )- | നിത്യ .എസ് - | പേജ് 7 |
| 3.ഹൃദയം ബാഗിലാക്കി ഒരു യുവാവ് - | വി.കെ .ദിലീപ്- | പേജ് 8 |
| 4. അമ്മയുടെ സ്നേഹം ( ചെറുകഥ )- | അഞ്ജലി ബാലു- | പേജ് 9 |
| 5. ഇനിയുമൊരു ജന്മത്തിനായ് (കവിത )- | ജ്യോതി .ഡി - | പേജ് 10 |
| 6. കാത്തിരിപ്പ് (കവിത )- | ഫർഹാന സലിം - | പേജ് II |
| 7. ഗാന്ധി വചനങ്ങൾ - | സൂരജ് .എസ് - | പേജ് (12, 13 ) |
| 8. ഒറ്റ ഉത്തരം :മഹാത്മാഗാന്ധി - | സൂരജ്.എസ് - | പേജ് 14 |
| 9. ഹിന്ദി കവിത - | ശ്രീ പാർവ്വതി - | പേജ് 15 |
| 10. അമ്മ നാടിന് ഒരു സഹായഹസ്തം ( (ലേഖനം ) | -അനന്തകൃഷ്ണൻ .ബി - | പേജ് ( 16, 17, 18, 19, 20 ) |
| 11. ഓർമ്മകൾ പൂക്കുമീ ചില്ലയിൽ ( കവിത ) | അഞ്ജന ലാൽ - | പേജ് 21 |
| 12. ഒരു കുഞ്ഞിന്റെ ഡയറി കുറിപ്പ് (ചെറുകഥ ) | ഫാത്തിമ നെസ്ലി- | പേജ് 22 |
| 13. കുറ്റവും ശിക്ഷയും (ലേഖനം ) | ജ്യോതിശ്രീ | പേജ് 23 |
| 14. ജീവന്റെ പുസ്തക തന്മാത്ര (ലേഖനം ) | പ്രിയങ്ക .എസ് - | പേജ് (24 , 25,26, 27, 28, 29 ,30 ) |
| 15. ഉച്ചവെയിൽ (ചെറുകഥ ) | ഫാത്തിമ നെസ്ലി | പേജ്-(31, 32,33 ) |
| 16. വഴിത്താര (കവിത )- | അഞ്ജന ലാൽ - | പേജ് 34 |
| 17. Famous quotes- | ബിന്ദു കെ.എസ് | പേജ് 35 |
| 18 .വരയും വർണ്ണവും - | | പേജ്(36 - 42) |
| 19. നന്ദി | | പേജ് 43 |

കവിത

# കേളീകേരളം

അനന്തകൃഷ്ണൻ , XB

കേരവൃക്ഷങ്ങൾ നിറഞ്ഞൊരു ചാരുതേ
ആരു നിനക്കീ അഴകു തന്നു.
കൽപവൃക്ഷങ്ങളാകവേ നിനക്കു വെൺചാമരം
വീശി നിന്നിടുന്നു .
നിന്റെ ചാരത്തിതാ അറബിക്കടൽ
ഭാവസാന്ദ്രമായ് ചുംബിച്ച് ചുംബിച്ച് നിന്നിടുന്നു .
പച്ചയുടുത്ത് നിൽക്കുന്നൊരു മങ്കേ
അര് ഈ ഉടയാട നിനക്കു തന്നു .
പൊൻപ്രഭയേന്തുന്നൊരു സൂര്യൻ നിന്റെ നെറ്റിയിൽ
തിലകക്കുറി തൊട്ടിടുന്നു .
വസന്തം വിരിയിക്കും പുഷ്പവാടികയെല്ലാം
നിന്റെ മാറിൽ വനമാലയായി
കുന്നും മലകളും പർവ്വതനിരകളും നിന്റെ
ശിരസ്സിൽ പൊൻകിരീടമായി നിന്നിൽ
അഭിഷേക തീർത്ഥം ചൊരിയുവാൻ
മാനത്തു കാർമുകിൽ മോഹിക്കുന്നു .
പുഴകളും തോടുകളും അരുവികളും ആറുകളും
നിനക്കു മരതക മാലയായി .
പുഞ്ചിരി തൂകി വിടർന്നു നിൻ മാറിൽ
ഒരു പുഞ്ചു കുഞ്ഞിൻ സ്നേഹലാളനം പോൽ
മഞ്ജിമ പരത്തുന്ന കേര കേദാരമേ
നിന്നിലലിഞ്ഞു ഞാൻ ചേർന്നിടുന്നു .
മലയാള ഭാഷ നിൻ നാവിലായി മധുരിമ തൂകി
നിറഞ്ഞു നിൽക്കുന്നു .
നിന്നെ പകർത്തുവാൻ നിന്നെ വർണിക്കുവാൻ
അക്ഷരമില്ലൊരു ഭാഷയിലും ......

ചെറുകഥ

# കൊതിച്ചതും വിധിച്ചതും

പണ്ടൊരിക്കൽ ഒരു കാട്ടിൽ ദാമു എന്ന വേടൻ തന്റെ ഭാര്യയും രണ്ടു മക്കളോടൊത്ത് കാട്ടിൽ വസിച്ചിരുന്നു .അങ്ങനെ കാലങ്ങൾ കടന്നു പോയി .അയാൾക്ക് തന്റെ വരുമാനം കൊണ്ട് ആ കുടുംബം പോറ്റാൻ സാധ്യമായിരുന്നില്ല .തന്റെ ബുദ്ധിമുട്ടോർത്ത് ഭാര്യ ഒരിക്കൽ വേടനോട് പറഞ്ഞു 'ഇത്രയും നാൾ വേട്ടയ്ക്ക് പോയിട്ടും ജീവിക്കാൻ പറ്റുന്നില്ലല്ലോ ,അതുകൊണ്ട് നമ്മുടെ കഷ്ടപ്പാട് മാറാൻ നിങ്ങൾ ദൈവത്തോട് പ്രാർത്ഥിക്ക് ,ദൈവം നമ്മളെ അനുഗ്രഹിയ്ക്കാതിരിക്കില്ല .നല്ല ഇളം കാറ്റ് വീശുന്ന മലം ചെരുവിൽ ദാമു എത്തി പ്രാർത്ഥിക്കുവാൻ തുടങ്ങി .ദൈവം പ്രത്യക്ഷപ്പെട്ടു .ദൈവം ദാമുവിനോടായി ചോദിച്ചു .'ഭക്താ, നിനക്ക് എന്ത് വേണം '
ദാമു ഉത്തരം നൽകി 'എനിക്കും എന്റെ കുടുംബത്തിനും മരണം വരെ കഴിയാനുള്ള സമ്പത്ത് നൽകി സഹായിക്കണം '. ഇതു കേട്ട് ദൈവം ഇങ്ങനെ പറഞ്ഞു 'ഭക്താ ,നീ നാളെ പ്രഭാതത്തിൽ വീട്ടിൽ നിന്നും ഇവിടെ വരെ വരുന്നതിനിടയിൽ ഒരു നിധികുംഭം നിനക്കായി വഴിയിൽ വെച്ചിരിക്കും .അതു നീ എടുത്ത് സന്തോഷത്തോടെ കുടുംബവുമായി കഴിഞ്ഞ് പോവുക .പിറ്റേ ദിവസം നിധി തേടി ദാമു നടക്കാൻ തുടങ്ങി .അങ്ങനെ നടന്ന് നടന്ന് ദൈവം പ്രത്യക്ഷപ്പെട്ട സ്ഥലം വരെ എത്തിയിട്ടു പോലും വഴിയിൽ വെച്ചിരിക്കുന്ന നിധി കണ്ടില്ല .ദാമുവിന് ശേഷം വന്ന ദരിദ്രനായ ബ്രാഹ്മണന് നിധി ലഭിച്ചു.ദാ മു നിരാശനായി ദൈവത്തോട് പരാതിപ്പെട്ടു .ഉടൻ ദൈവം പ്രത്യക്ഷപ്പെട്ടു ഇപ്രകാരം അരുൾ ചെയ്തു 'ഏതു സാധനവും അർഹതയുള്ളവനേ ലഭിക്കു .നിന്റെ അദ്ധ്വാനമാണ് നിന്റെ ധനം '.

*നിത്യ'.എസ്*
***VIII. B***

# ആരെയും അമ്പരിപ്പിക്കുന്ന ഒരു യുവാവിന്റെ യഥാർത്ഥ കഥ.ഹൃദയം ബാഗിലാക്കി ഒരു യുവാവ്

ഇനിയൊരാളും ഒരു എക്സ്ക്യൂസും പറയരുത്. ആൻഡ്രൂ ജോനസിൻറെ കഥ കേട്ടാൽ സ്വന്തം ജീവിതത്തോട് നിങ്ങൾ അഗാഥമായ സ്നേഹം തോന്നും.

സ്വന്തം 'ഹൃദയം' ഒരു ബാഗിലാക്കി കൊണ്ടു നടക്കുകയാണ് ഈ യുവാവ്. എന്നിട്ട് അതിൽ നിന്ന് ശരീരത്തിലേക്ക് ഒരു കുഴലും ബന്ധിപ്പിച്ചിരിക്കുന്നു. എപ്പോൾ വേണമെങ്കിലും അറ്റുപോകാവുന്ന ഒരു ജീവിതം. എങ്കിലും ജോനസ് തളരുന്നില്ല. ഇതേ ആരോഗ്യ അവസ്ഥയിൽ ബോഡി ബിൽഡിങ് താരമായിക്കഴിഞ്ഞു ജോനസ്.

2012 ലാണ് ജോനസ് ആദ്യമായി ചോര ഛർദ്ദിച്ചത്. പ്രൊഫഷണലായി ബോഡി ബിൽഡിങ്ങിലേക്ക് കടക്കാൻ ഒരുങ്ങുമ്പോഴാണ് ഈ തളർന്ന വീഴൽ. കാർഡിയോ മയോപതി എന്ന അസുഖമായിരുന്നു ജോനസിന്. ഹൃദയം മാറ്റിവെക്കുകയായിരുന്നു ഏക പ്രതിവിധി. യോജിച്ച ഹൃദയം കിട്ടാത്തതിനാൽ ഒരു പേസ്മേക്കറും ശരീരത്തിന് പുറത്ത് ഒരു ഹൃദയവും സ്ഥാപിക്കാൻ തീരുമാനിക്കുകയാണ് ഡോക്ടർ ചെയ്തത്.

ഈ ഹൃദയം ഒരു ബാഗിലാക്കിയാണ് ജോനസ് കൊണ്ടു നടക്കുന്നത്. എഴുന്നേറ്റ് നടക്കാൻ പോലും കഴിയില്ലെന്ന് കരുതിയിടത്തു നിന്ന് ജോനസ് പ്രയത്നം തുടങ്ങി. ബാഗുമേന്തി നടക്കാനും വ്യായാമം ചെയ്യാനും തുടങ്ങിയ ജോനസ് അധികം വൈകാതെ ബോഡി ബിൽഡിങ് എന്ന സ്വപ്നത്തിലേക്കും ചുവടുവച്ചു....

*V.K. ദിലീപ്*



ചെറുകഥ

# അമ്മയുടെ സ്നേഹം ....

സമയം ആറു വണ്ടി അമ്മ മേനെ വിളി യ്ക്കുന്നു .അമ്മയെ സ്നേഹിക്കുന്ന ഒരു കൊച്ചു മിടുക്കൻ.അമ്മയുടെ ഉള്ളിലെ സ്നേഹം അറിഞ്ഞു വളരുന്നവൻ. അമ്മ എന്തു പറഞ്ഞാലും അവൻ അനുസരിക്കും .രണ്ടാം ക്ലാസിലാണ് ആ കൊച്ചു മിടുക്കൻ പഠിക്കുന്നത്. അമ്മ അവനെ എത്ര ബുദ്ധിമുട്ടിയാണെങ്കിലും പഠിപ്പിക്കും. അവന് എല്ലാ കാര്യത്തിലും ഉത്സാഹമാണ് .വളർന്ന് വളർന്ന് അവനൊരു ഉന്നതനിലയിൽ എത്തുമെന്നാണ് അമ്മയുടെ വിശ്വാസം .അമ്മ രാവിലെ ജോലിക്കു പോകും മകൻ സ്കൂളിലും പോകും .വൈകുന്നേരം മകൻ വരുമ്പോളവനു കഴിക്കാൻ പ്രഭാത ഭക്ഷണമായിരിക്കും .കടയിൽ നിന്ന് ഒരു സാധനവും വാങ്ങി കൊടുക്കില്ല .അവൻ വളർന്നൊരു ഉന്നത നിലയിൽ എത്തി അമ്മയുടെ ആഗ്രഹം പോലെ ജോലിയുടെ കാര്യത്തിനു വേണ്ടി അവനു വിദേശത്തു പോകേണ്ടി വന്നു .അമ്മ മകനെ എവിടെയും വിടില്ലായിരുന്നു .ജോലിയുടെ കാര്യമായതുകൊണ്ട് അമ്മ സമ്മതിച്ചു. രണ്ട് മൂന്ന് ദിവസം അമ്മ ഒറ്റയ്ക്ക് കഴിഞ്ഞു .സ്നേഹനിധിയായ അമ്മ മകനെ വിളിച്ചു .ഫോൺ എടുക്കുന്നില്ല എന്നറിഞ്ഞപ്പോൾ അമ്മയുടെ മനസ്സൊന്ന് തേങ്ങി .പിന്നീട് വിളിച്ചപ്പോൾ മകന്റെ കാര്യങ്ങൾ അമ്മ അന്വേഷിച്ചു .അവിടുന്ന് ലഭിച്ച മറുപടിയിൽ അമ്മ സന്തോഷിച്ചു .പക്ഷെ ആ സന്തോഷത്തിന് അധികം ആയുസ് ഉണ്ടായിരുന്നില്ല .ഏറെ നാൾ കഴിഞ്ഞപ്പോൾ മകൻ അമ്മയെ മറന്നു .അമ്മയെ വൃദ്ധസദനത്തിൽ എത്തിക്കുന്നത് വരെ എത്തി .പാവം അമ്മ അപ്പോഴും അവന്റെ നന്മയ്ക്ക് വേണ്ടി മാത്രം പ്രാർത്ഥിച്ചു.



*അഞ്ജലി ബാലു*

***Ix.B***

കവിത

# ഇനിയുമൊരു ജന്മത്തിനായ് ......

പ്രഭാതമെത്തുന്നു ഇളം പൈതലെപ്പോൽ
തുടുത്ത കവിളുകളാൽ പുഞ്ചിരി തൂകി ആരെയും കൊതിപ്പിക്കും
ചേലോടെ ആരിലുമിഷ്ടം ജനിപ്പിക്കു
മൊരിളം പൈതലെപ്പോൽ നീ.........
പോകെ പ്പോകെ താപമേറുന്നു ഭാവവും മാറുന്നു ........
ബാല്യകൗമാരങ്ങളെ പ്പോൽ കുറുമ്പും കുസൃതിയുമേറുന്നു .....
കൊഞ്ചിച്ചും ലാളിച്ചും പരിപാലിച്ചോരെ
ച്ചുട്ടു നീറ്റുവാൻ മടിയാത്തൊരു സുതനെപ്പോൽ
നട്ടുച്ചയ്ക്കു യൗവ്വനം പോൽ തീക്ഷ്ണമാവുന്നുവോ നീ...
യൗവ്വനം മങ്ങാതെ കാത്തു സൂക്ഷിക്കുമ്പോൾ
സൂര്യാ ,നീയും നിന്റെ മദ്ധ്യാഹ്ന -മേറ്റുവാൻ പാടുപെടുന്നുവോ ?
മദ്ധ്യാഹ്ന പോകെ , വാർദ്ധക്യമെന്ന പോൽ
നിൻ ച്ചൂടും പ്രസരിപ്പും പോയ് നീയും വൃദ്ധനായ് തീരുന്നുവോ ?
താപസനെപ്പോൽ ജ്ഞാനത്താൽ പരിപക്വ നായ് ചിരി തൂകുന്നുവോ നീ .
മരിക്കുവാൻ മടിയാണെങ്കിലും മരിക്കാതെ വയ്യെന്ന ചിന്തയാൽ
പതിയെ പതിയെ നീ യാത്രയാകുന്നുവോ ?
ഇനിയുമൊരു ജന്മത്തിനായ് കൊതിയോടെ യാത്രയാകുന്നുവോ ?
ഇനിയുമൊരു ജന്മത്തിനായ് കൊതിയോടെ
യാത്രയാകുന്നുവോ പ്രിയ സൂര്യാ ,
യാത്രയാകുന്നുവോ നീ വീണ്ടും വീണ്ടും .........



**ജ്യോതി . ഡി**
മുൻ മലയാളം അധ്യാപിക
മുൻ കൈറ്റ് മിസ്ട്രസ്സ്

കവിത

# കാത്തിരിപ്പ്

ഇന്നലെ രാത്രിയിൽ എൻ വിരൽ തുമ്പിലാ
സ്മരണ മാധുര്യം ഞാൻ അറിഞ്ഞു
നിദ്രയിൽ ആ നേരം ഞാൻ കണ്ട സ്വപ്നത്തിൽ
ആയിരം വർഷം നാം ഒന്നു ചേർന്നു.
നിൻ കിളികൊഞ്ചലും എൻ ഹൃദയതാളവും
ഒത്തു ചേർന്നപ്പോൾ സംഗീതമായി
സംഗീത സാന്ദ്രമാം ആ
നിമിഷങ്ങളിൽ
പ്രകൃതിയും നമ്മോട്ടു ചേർന്നു പാടി
നിൻ മടിത്തട്ടിൽ തല ചായ്ച് ചിരിക്കവേ
നിദ്രയിലേക്ക് ഞാൻ ആണ്ടു പോയി .
നിദ്രയിലെപ്പോഴോ ഞാനറിയാതെ നീ
എന്നിൽ വീണ്ടും അകന്നു പോയി
നിദ്രയിൽ നിന്നുമെൻ മിഴികൾ തുറന്നു.
കൺമുന്നിൽ നിന്നെല്ലാം
മാഞ്ഞു പോയി
ഞെട്ടി എഴുന്നേറ്റു ചുറ്റും ഞാൻ നോക്കവേ
ഗ്രഹിച്ചു ഞാൻ എല്ലാം എൻ സ്വപ്നമല്ലോ.
എങ്കിലും പ്രിയേ കാത്തിരിക്കുന്നു ഞാൻ
എൻ സ്വപ്ന സാഫല്യ നിമിഷത്തിനായി .

ഫർഹാന സലിം
X. B



# ഗാന്ധി വചനങ്ങൾ

* എന്റെ ജീവിതമാണ് എന്റെ സന്ദേശം

* സത്യം ഒന്നേയുള്ള ,അതിലേക്ക് വഴികൾ പലതുണ്ട് .

* ഒരു ശിശുവിന്റെ ശരീരത്തിലും മനസ്സിലും ആത്മാവിലുമുള്ള ഏറ്റവും നല്ലതിനെ വികസിപ്പിക്കുന്നതാണ് വിദ്യാഭ്യാസം .

* നന്മയോടുള്ള സഹകരണത്തോളം പ്രധാനമാണ് തിന്മയോടുള്ള നിസ്സഹകരണവും .

* മനുഷ്യ വർഗത്തിന്റെ നിയമമാണ് അഹിംസ .അക്രമം മൃഗത്തിന്റെ നിയമമാണ്

.

നല്ല ചിന്തകൾ ഒരിക്കലും പാഴാവില്ല .

*ക്ഷമ കരുത്താണ് ,ദൗർബല്യമല്ല

* ഈശ്വരന്റെ സമസ്ത സൃഷ്ടികളേയും സ്നേഹിക്കാൻ കഴിയാത്തവന് ഒരിക്കലും സത്യനിഷ്ഠനാകാൻ സാധിക്കില്ല .

* ഹിംസയുടെ സൂക്ഷ്മമായ രൂപമാണ് വിദ്വേഷം .

*മതങ്ങൾ അന്യോന്യം വേർതിരിക്കാനല്ല ,മറിച്ച് കൂട്ടിയിണക്കാനാണ് .

* അഹംഭാവം ഉപേക്ഷിക്കാത്തിടത്തോളം

കാലം

നമ്മുടെ ഉള്ളിലെ തിന്മയെ നമുക്ക് ' കീഴടക്കാനാവില്ല .

*ശ്രമത്തിലാണ് , ഫലപ്രാപ്തിയിലല്ല സംതൃപ്തി ഉളവാക്കുന്നത് ,സമ്പൂർണ്ണ ശ്രമം സമ്പൂർണ്ണ വിജയമാകുന്നു .

* നമ്മുടെ കുറവുകളെ മനസ്സിലാക്കുക എന്നതാണ് ഏറ്റവും ഉന്നതമായ പുരോഗതി

* ശക്തിയുടെ ഉറവിടം ശരീരശേഷിയല്ല .

ഇച്ഛാശക്തിയാണ് .

* സുഖലോലുപത വിദ്യാർത്ഥി ജീവിതത്തിന് വിനാശകരമാണ്

* സമാധാനത്തിലേക്ക് ഒരു പാതയില്ല .സമാധാനമാണ് പാത .

*സത്യസന്ധമായ വിയോജിപ്പ് പുരോഗതിയുടെ ശുഭലക്ഷണമാണ് .

*വിശപ്പുള്ളവന്റെ മുന്നിൽ ദൈവം ഭക്ഷണമായി പ്രത്യക്ഷപ്പെടുന്നു .

* ഒരു മനുഷ്യന് ഉന്നതിയുണ്ടാകുമ്പോൾ ലോകം മുഴുവൻ ഉന്നതിയുണ്ടാകുന്നു .


ഒരു മനുഷ്യന് അധ:പതനമുണ്ടായാൽ ലോകത്തിന് മുഴുവൻ അധ:പതനമുണ്ടാക്കുന്നു

*. ചെയ്ത തെറ്റുകൾ ഏറ്റു പറയുന്നത് ചപ്പുവചറുകൾ നീക്കം ചെയ്ത് ഉപരിതലം കൂടുതൽ വൃത്തിയാക്കുന്ന ചൂലുപോലെയാണ് .

* സ്വഭാവ ശുദ്ധിയിൽ നിന്നു അകന്ന അറിവ് തിന്മ ചെയ്യാനുള്ള ഒരു ശക്തിയാണ്.

* അച്ചടക്കവും ഇന്ദ്രിയ നിഗ്രഹവുമാണ് മനുഷ്യരെ കാട്ടു മൃഗങ്ങളിൽ നിന്ന് വേർതിരിക്കുന്നത് .

***സൂരജ് എസ് ,IX.A***



## ഒറ്റ ഉത്തരം : മഹാത്മ ഗാന്ധി

*ദണ്ഡിയാത്രയുടെ നേതാവ്?

* "സബർമതിയിലെ സന്യാസി " എന്നറിയപ്പെടുന്നത്?

* രവീന്ദ്രനാഥ ടാഗോറിനെ ഗുരുദേവ് എന്ന് വിളിച്ചതാര്?

* "നിങ്ങൾ നാളെ മരിക്കുന്ന പോലെ ജീവിക്കുക .- ഇനു എന്നേക്കും ജീവിച്ചിരിക്കേണ്ടതു പോലെ പഠിക്കുക " ഇതു പറഞ്ഞതാര്?

* ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടു പോകാതെ ഇന്ത്യയിലെ വർഗീയ പ്രശ്നം പരിഹരിക്കാനാവില്ല എന്ന് പറഞ്ഞതാര്?

*സൂരജ്.എസ്,* IX.A

*Sree Parvathy,VIII B*

## बाल कविता

चींटी को आया

जोर क़ा गुस्सा

घूर के उसने

चीँटे को देखा

और पलटकर

मारी जो लात

उड़ गया हाथी

चीँटे के साथ

# അതിജീവനത്തിന്റെ

# പാതയിൽ

## അമ്മ നാടിന് ഒരു സഹായഹസ്തം

ആഗസ്റ്റ് 15 ഭാരതമാകെ സ്വാതന്ത്ര്യത്തിന്റെ ചാരുതയേറിയ മധുരം നുകർന്ന് ആന്ദിച്ചപ്പോൾ കേരളത്തിന് അത് കറുത്ത നാളുകളായിരുന്നു. നാടിന്റെ ജീവനാഡി കളായ 44 നദികളും അടിമുടി നിറഞ്ഞുറഞ്ഞ് സംഹാര താണ്ടവാടി . പേമാരി പെയ്ത്,പെയ്ത് ലോകത്തിനു പോലും അത്ഭുതങ്ങളായ വികസന മാതൃകകളൊക്കെയും പ്രളയജലത്തിൽ ഒലിച്ച്പ്പോയി .400-ഓളം ജീവനുകൾ പെട്ടെന്നുണ്ടായ പ്രളയത്തിൽ പൊഴിഞ്ഞുപോയി .കേരളത്തിലെ ദാരുണമായ ഈ മഹാ പ്രളയത്തിൽ ജലസംഭരണികൾക്കുള്ള സ്ഥാനം ചെറുതല്ല.കേരളത്തിലെ ഏറ്റവും വലിയ സംഭരണങ്ങളായ ഇടുക്കി അണക്കെട്ടും, മുല്ലപ്പെരിയാർ അണക്കെട്ടും ,എല്ലാ ഷട്ടറും തുറന്ന് സെക്കന്റിൽ 2000 ഘന അടി ജലംവരെ പുറന്തള്ളി

.പേമാരിയുടെ പ്രളയജലം  താങ്ങാനാവാതെ ഇരുകരമുട്ടിയൊഴുകി.അവൾ  ജനവാസകേന്ദ്രങ്ങളിലേക്കും വ്യാപിച്ച് സർവ്വനാശം വിതച്ചു. കരയേത് പുഴയേത് എന്നറിയാത്ത രീതിയിൽ നാട് വെള്ളംകൊണ്ട് നിറഞ്ഞു. എല്ലാ അണക്കെട്ടുകളും പരമാവധി സംഭരണ ശേഷി യിലെത്തുകയും തുറന്നുവിടുകയും ചെയ്തു  ആ ജലമെല്ലാം പുഴകളിലെത്തി പുഴകഴിഞ്ഞൊഴുകുകയും മരങ്ങൾ കടപുഴകി വീഴ്ത്തി, മാർഗത്തിനു തടസ്സമുണ്ടായപ്പോൾ ഗതിമാറിയൊഴുകി .ഒഴുകി ചെന്നതോ ആയിരങ്ങൾ ഉറങ്ങികിടന്ന ഗ്രാമങ്ങളിലേക്ക് .എന്തു ചെയ്യണമെന്നറി യാതെ പലരും വിലപിച്ചു

പ്രളയമുണ്ടായെങ്കിൽ കേരളം ലോകത്തിന്റെ മുന്നിൽ എന്നും അഭിമാനപുരസരം ശിരസ്സുയർത്തി നിൽക്കും കാരണം നമ്മുടെ നാടിന്റെ നട്ടെല്ലായ സാധരണക്കാർതന്നെയാണ്.നമ്മുടെ മത്സ്യത്തൊഴിലാളി കൾ തന്ന സഹായം ചരിത്രത്തിന്റെ ഏടുകളിൽ തങ്കലിപികളാൽ ആലേഖനം ചെയ്യപ്പെടും .സർക്കാരി നൊപ്പം സന്നദ്ധ സംഘടനകളും ചേർന്നപ്പോൾ ജനങ്ങൾക്ക് ആത്മധൈര്യം വർധിച്ചു . തത്സമയം മാധ്യമ ങ്ങൾ നൽകിയ സേവനങ്ങൾ കേരളം ഒരിക്കലും മറക്കില്ല.

"രക്ഷിക്കണെ" എന്ന് ഈശ്വരനോട് പ്രാർത്ഥിച്ചവരെ

ജനങ്ങൾ തന്നെ വന്ന് രക്ഷപ്പെടുത്തി.തങ്ങളുടെ ജനങ്ങൾക്ക് സർക്കാർ നൽകിയ ആത്മധൈര്യവും സഹായങ്ങളും ഒന്നും ഒട്ടും ചെറുതല്ല.ഒട്ടും വിശ്രമമില്ലാതെ നമ്മുടെ അധിക്രതർ നമുക്കായി പ്രവർത്തിച്ചു .ഊണും ഉറക്കവും ഉപേക്ഷിച്ചു അവരുടെ ക്ഷേമത്തിനായിമുണ്ടുമുറുക്കിയുടുത്ത് അതിജീവനത്തിനായി പരിശ്രുമിച്ചു. ചെരുപ്പില്ലാതെ മണ്ണിൽ നടക്കാത്തവർ ചെളിയിൽ കാലുറച്ച് അറപ്പില്ലാതെ നടന്നു .എ.സികാറില്ലാതെ മുറ്റത്തിറങ്ങാത്തവർ മൽസ്യത്തൊഴിലാളികളുടെ കൂടെ വള്ളത്തിലായിരുന്നു യാത്ര. ജീവനുവേണ്ടിയുള്ള പോരാട്ടമായിരുന്നു എല്ലാവർക്കും .അലമുറയിട്ട് വിലപിച്ചവർക്ക് നാടിന്റെ കാവൽപ്പട്ടാളങ്ങളായി ജനങ്ങൾ തന്നെയായിരുന്നു ആശ്രയം . ഈ പ്രളയവും നമ്മെ ഒരുപ്പാട് പാഠങ്ങൾ പഠിപ്പിച്ചു . കണ്ടാലറിയാത്തവർ കൊണ്ടുതന്നെയറിഞ്ഞു .പ്രക്യതിയെന്നത് ഒരിക്കലും നിസ്സാരമായി കരുതാവുന്ന ഒരു വസ്തുവല്ലെന്ന് നാം പഠിച്ചു .അത് വൈദ്യുതി പോലയാണ് നമുക്ക് വേണ്ട കാറ്റും പ്രകാശവും. വേണ്ടതെല്ലാം നൽകും എന്നാൽ അതിനെ ആവിശ്യമില്ലാതെ പ്രഹരിച്ചാൽ സകലിതിനെയും ഭസ്മീകരിച്ച് നശിപ്പിക്കുമെന്ന് നാം പഠിച്ചു . ക്രത്യസമയത്ത് വേണ്ട മുന്നറിയിപ്പും സേവനങ്ങളും

പ്രശ്നപരിഹാരങ്ങളും ജനങ്ങൾക്ക് നൽകണമെന്ന് അധിക്രതർ പഠിച്ചു .തങ്ങളെ തങ്ങൾ തന്നെ രക്ഷിക്ക ണമെന്നും ഒന്നിനും മാറിനിൽകരുതെന്നും ജനങ്ങൾ പഠിച്ചു എന്തിനെയും പർവതീകരിച്ച് കാണിക്കാതെ ജനങ്ങൾക്ക് വേണ്ട നിർദേശങ്ങളും സേവനങ്ങളും നൽകണമെന്ന് മാധ്യമങ്ങൾ പഠിച്ചു .അങ്ങനെ പാഠങ്ങൾ ഒരുപാട് .

കേരളത്തിലെ പ്രളയത്തിന്റെ ആഘാതം വർധിച്ചു, വലിയ ഘടകം വനനശീകരണം .നാടിന്റെ ജീവവായുക്കളായ മരങ്ങളെ മുൻപിൽ നോക്കാതെ അറുത്തുമാറ്റി .എന്നിട്ട് മറുപടി വികസനമത്രേ.മരങ്ങളും പുഴകളും നശിപ്പിച്ച് നിർമ്മിച്ച വികസന മാത്രകകളൊക്കെയും എവിടെ? പ്രക്യതിയെ നോവിച്ചു .അത് തിരിച്ച് കോടി മടങ്ങോടെ നോവിച്ചു .ഇന്ന് നാം വനദിനവും മറ്റുമൊക്കെ ആചരിക്കുന്നുണ്ട് .ഇതെല്ലാം നാടിന്റെ ഐശ്വര്യത്തിനു വേണ്ടിയാണ് .ഇനിയും പരിസ്ഥിതിയെ നശിപ്പിക്കരുതെന്ന ഓർമ്മപ്പെടുത്തൽ കൂടി !നമുക്ക് സാധിക്കും ,നാം സജ്ജരാണ് എന്ന മുദ്രവാക്യത്തിലൂടെ നാം പ്രളയത്തെ അത്ജീവീച്ചു . ഇനിയും ജനങ്ങൾക്ക് പരിസ്ഥിയെപ്പറ്റയുള്ള വിവിധ ബോധവത്കരണങ്ങൾ നൽകണമെന്നത് അനുവാര്യമാണ് .പുഴകളേയും നദികളെയും

മാലിന്യമാക്കാതെയും കയ്യടക്കാതെയും ജീവിക്കണമെന്ന സത്യം നാം മനസ്സിലാക്കണം .ഇനി നമുക്ക് അതിജീവനത്തിന്റെ നാളുകളാണ് .പ്രളയം കഴുകികളഞ്ഞ ഈ മണ്ണിൽ ഇനി വസന്തം വിരിയിക്കണം.

ഇനിയീപ്പുഴകളിൽ,മലകളും,മരങ്ങളുംനാടിൻ

ഹൃദയത്തുടിപ്പകളായിപ്രതിധ്വനിക്കും.ഇനിയിവിടമാകെ

നന്മകൾപൂത്തുവിരിഞ്ഞിടും................

**അനന്തകൃഷ്ണൻ**
**X.B**



കവിത

# ഓർമ്മകൾ പൂക്കുമീ ചില്ലയിൽ

ഓർമ്മകൾപ്പൂക്കുമി ചില്ലയിൽ ഇന്നു ഞാൻ
ദുഃഖ സ്മരണയും നല്ല സ്മരണയും
പൂക്കുമി ചില്ലയിൽ അമ്മക്കും
അച്ഛനും ഒപ്പം കൈചേർത്തു പിച്ച
നടന്നൊര മുറ്റത്തിൻ ഓർമ്മകൾ
തോഴരുമൊത്ത് നടന്നുകളിച്ചോര
നാട്ടുവഴികൾ തൻ മാവിലെ മധുരം
നുകർന്നൊരാ മാമ്പഴം തിന്നതും
പിന്നെയും പൂക്കുമി ഓർമ്മകൾ
തൻ പൂമര ചില്ലയിൽ
ആദ്യമായി അന്ന് വിദ്യാലയമുറ്റത്ത്
കാൽവെച്ചതും വിങ്ങിവിങ്ങികരഞ്ഞതും
പുതിയോരു സൗഹൃദം നാന്പി
ട്ടതും, പൂക്കുമി ഓർമ്മകൾ തൻ
പൂമര ചില്ലയിൽ ബാല്യമാം
സുന്ദര സ്മരണകൾ തിരികെ ഇനി
ഇല്ല എന്നു ഞാൻ തിരിച്ചറിഞ്ഞു


*അഞ്ജന ലാൽ ,VIII B*

# ഒരു കുഞ്ഞിൻെറ ഡയറി കുറിപ്പ്

ഇന്നത്തേ ദിവസം എനിക്കെന്താ സംഭവിച്ചതെന്ന് എനിക്ക് തന്നെ അറിയില്ല. സ്വസ്ഥമായി ശാന്തമായി ആർക്കും ശല്യമാവാതെ ഒരിടത്ത് ചുരുണ്ട് കൂടി കിടക്കുകയായിരുന്നു ഞാൻ. സമയത്തെനിക്ക് ആഹാരവും കിട്ടിപ്പോന്നു .പെട്ടെന്നാണത് സംഭവിച്ചത് ഭയങ്കരമായ ശബ്ദം. ചുറ്റിനുമാരൊക്കെയോ നിൽക്കുന്നു. എല്ലവരും എന്തോകൊണ്ട് മുഖം മറച്ചിരിക്കുകയാണ്. ഭയങ്കരമായ ശബ്ദം എൻെ ചെവിയെ അസ്വസ്ഥപ്പെടുത്തി.ഞാനങ്ങ് കരഞ്ഞു. വെളുത്ത ഉടുപ്പ് ധരിച്ച തലയിലെന്തോവച്ച ഒരു സ്ത്രീഎന്നെ ഒരിടത്തേക്ക് കൊണ്ടുപ്പോയി. എവിടേക്കാണെന്നറിഞ്ഞില്ല. എൻെ ശരിരത്ത് ചോരപറ്റിയിരിപ്പുണ്ടായിരുന്നു. അവർ എൻെ ദേഹത്ത് വെള്ളമൊഴിച്ച് കുളിപ്പിച്ചു. ചെറിയൊരു തണുപ്പ് പോലെ.എനിക്ക് ഉടുപ്പിട്ട് തന്നു. അവരിട്ടിരിക്കുന്ന അതേ വെള്ളക്കുപ്പായം. എന്നിട്ടെന്നെ ഒരു സ്ത്രീയുടെ അരികിൽ കിടത്തി . അവരുടെ കണ്ണിൽ നിന്ന് കണ്ണുനീർ ഒഴുകുന്നുണ്ടായിരിക്കും എന്താണിവർ കരയുന്നത്?ആകെ തളർന്ന് വാടിയ അവരുടെ അടുത്ത് കിടന്നപ്പോൾ ഞാൻ മുമ്പ് അനുഭവിച്ച ലോകം ഒന്നു മിന്നിമറഞ്ഞു . പിന്നീടാണെനിക്ക് മനസിലായത് അത് എന്റെ ഉമ്മയാണെന്ന് ,അവർ എനിക്ക് പാൽതന്നു. പിന്നീട് ഒരു സ്ത്രീ ,നേരത്തെ കുളിപ്പിക്കാൻ കൊണ്ടുപോയവർ തന്നെയായിരിക്കും.എന്തോ, എല്ലവരും ഒരേപോലെ എനിക്ക് തോന്നി. അവർ എന്നെ എന്തോ ഒരു വലിയ തുണിയിട്ട് പുതപ്പിച്ചു.എനിക്ക് തണുപ്പിൽ നിന്നാശ്വാസം കിട്ടി.എന്നെയവർ എവിടേക്കോ കൊണ്ടുപ്പോയി . ഒരു കതക് തുറന്നു .ഒരുപാട് ആളുകൾ നിറഞ്ഞ ചിരിയോടെ എന്റെയടുത്തുവന്നു.ആരൊക്കെയാണിവർ?എന്നിട്ടെന്നെയൊരു പുരുഷന്റെ കൈയിൽ കൊടുത്തു.ആദ്യമായി ,ഒരു പുരുഷന്റെ ചൂട് ഞാനനുഭവിച്ചു പെൺകുഞ്ഞാ മാഷാഅള്ള അയാൾ എന്റെ മുഖത്തേക്കു നോക്കി. വാപ്പീടെ പൊന്നുമോളേ.....തക്കുടു വാവേ... പിന്നീടോരോത്തരായ് എന്നെ മാറി മാറി എടുത്തു .എല്ലാവരും വന്ന് എനിക്ക് പരിചയപ്പെടുത്തിതന്നു. പക്ഷെ,എനിക്കൊന്നും മനസ്സിലായില്ല. എന്നെപ്പോലുള്ള വേറെ കുഞ്ഞുങ്ങളെ ആവെള്ള ഉടുപ്പിട്ട സ്ത്രീ കൊണ്ടുവരുന്നത് കണ്ടു .അവരുടെ അടുത്തേക്കും ഒരു കൂട്ടം ആളുകൾ ചെന്നു.പക്ഷെ ഇവരൊന്നും അത് ശ്രദ്ധക്കാത്തതെന്താ ?പെട്ടെന്ന് ഒരു വലിയ പെട്ടിപ്പോലിരിക്കുന്ന ഒരു സാധനത്തിൽ ഇരുന്ന് ഒരു സ്ത്രീ പറയുന്നത് കേട്ടുബ്രേക്കിങ്ങ് ന്യൂസ് , ജമ്മുകാശ്മീരിൽ, കംവ് ഗ്രമത്തിൽ ആസിഫ എന്ന് പേരുള്ള എട്ട് വയസ്സ്കാരിയെ നിഷ്ഠൂരമായ് പീടിപ്പിച്ച് കൊലപ്പെടുത്തി.

**പടച്ചവനെ .....എല്ലാവരും നെഞ്ചത്ത് കൈവെച്ചു.**

**ഫാത്തിമ നെസ്ലി, X.B**



# കുറ്റവും ശിക്ഷയും....

ഒരു വിദ്യാർഥി പരീക്ഷക്ക് കോപ്പിയടിച്ചു.പരീക്ഷാ ഡ്യൂട്ടിയിലുണ്ടായിരുന്നത് ടി.പി. തോമസ് സാറാണ്. കോപ്പിയടിക്കുന്നത് സാറിൻറെ ശ്രദ്ധയിൽപ്പെട്ടില്ല. എന്നാൽ ഇൻസ്പെക്ഷനു വന്ന ഹെഡ്മാസ്റ്റർ ആ കുട്ടിയെ 'തൊണ്ടി സഹിതം' പിടികൂടി. ഹെഡ്മാസ്റ്റർ ഉടൻ തന്നെ ശിക്ഷ വിധിച്ചു. സ്കൂൾ അസംബ്ലി വിളിച്ചുകൂട്ടി തെറ്റു ചെയ്ത വിദ്യാർഥിയെ ശിക്ഷിക്കണം.ചൂരലുകൊണ്ടുള്ള ആറടിയായിരുന്നു അന്നത്തെ വലിയ ശിക്ഷ... കുറ്റവാളി ശിക്ഷയേറ്റു വാങ്ങുവാൻ ഹാജരാക്കപ്പെട്ടു. എന്നാൽ ഈ നിർദേശത്തെ തോമസ് സാർ ശക്തമായി എതിർത്തു."അവൻ തെറ്റു ചെയ്തതിന് കാരണക്കാരൻ ഞാനാണ്. ഞാൻ എൻറെ ജോലി ശരിയായി നിർവഹിച്ചിരുന്നെങ്കിൽ അവൻ കോപ്പിയടിക്കില്ലായിരുന്നു.അതുകൊണ്ട് അവനു വിധിച്ച ശിക്ഷ എനിക്കു നൽകണം"... സ്കൂൾ മുഴുവനും ആ വാക്കുകേട്ട് ഞെട്ടി. ഹെഡ്മാസ്റ്ററും, സഹാധ്യാപകരും തോമസ് സാറിനെ അനുനയിപ്പിച്ചു നോക്കിയെങ്കിലും സാറ് തീരുമാനത്തിൽ നിന്നു പിന്മാറിയില്ല. ഒടുവിൽ ഹെഡ്മാസ്റ്റർ തോമസ് സാറിൻറെ നിർബന്ധത്തിനു വഴങ്ങി. തെറ്റു ചെയ്ത വിദ്യാർഥിയെ ചൂണ്ടി ഹെഡ്മാസ്റ്റർ പറഞ്ഞു. "ഇവൻ ചെയ്ത കുറ്റത്തിന് ഇപ്പോൾ തോമസ് സാറിനെ ശിക്ഷിക്കുന്നതാണ്." തോമസ് സാർ ഹെഡ്മാസ്റ്ററെ തിരുത്തി: "ആ കുട്ടി ചെയ്ത കുറ്റത്തിന് എന്നെ ശിക്ഷിക്കുകയല്ല; ഞാൻ ചെയ്ത തെറ്റിനാണ് എന്നെ ശിക്ഷിക്കുന്നത്." ഇങ്ങനെ പറഞ്ഞിട്ട് ഹെഡ്മാസ്റ്ററിനു മുമ്പിൽ കൈനീട്ടി നിന്നു. ഹെഡ്മാസ്റ്റർ സാറിൻറെ കൈയിൽ ആദ്യത്തെ അടി കൊടുത്തു. ആ അടിയിൽ സ്കൂളുമുഴുവൻ വേദനിച്ചു. ആ വിദ്യാർഥി കരഞ്ഞുകൊണ്ട് ഹെഡ്മാസ്റ്ററിന്റെ മുമ്പിൽ മുട്ടുകുത്തി പറഞ്ഞു; "ഇനി സാറിനെ അടിക്കരുത്." എന്നിട്ട് തോമസ് സാറിൻറെ കാലിൽ കെട്ടിപ്പിടിച്ചുകൊണ്ടു പറഞ്ഞു: "ഞാൻ ചെയ്തത് തെറ്റായിപ്പോയി, സാറിൻറെ കൈയിൽ അടികൊണ്ടപ്പോൾ എൻറെ ചങ്കു തകർന്നുപോയി. തോറ്റാലും ഇനി ഞാൻ കോപ്പിയടിക്കില്ല." ഇതു കണ്ടപ്പോൾ ഹെഡ്മാസ്റ്റർ ഉൾപ്പെടെ അവിടെയുണ്ടായിരുന്നവരുടെ മുഴുവൻ കണ്ണുനിറഞ്ഞു. കുറ്റത്തെപ്പറ്റിയും ശിക്ഷയെപ്പറ്റിയും ഞാനുൾപ്പെടെയുള്ള വിദ്യാർഥികൾക്ക് ഒരു പുതിയ അറിവും അനുഭവവും പകർന്നു തന്ന സംഭവമായിരുന്നു അത്....

അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്തയുടെ ആത്മകഥയിലെ "കുറ്റവും ശിക്ഷയും" എന്ന അധ്യായത്തിൽ നിന്നുള്ള വരികളാണിത്.



***ജ്യോതിശ്രീ ,HST Hindi***



## ജീവന്റെ പുസ്തക തന്മാത്ര

ജീവന്റെ രചനയ്ക്ക് ദൈവമുപയോഗിച്ച ഭാഷ മനുഷ്യന് കരഗതമായി . ഡി . എൻ . എ . യുടെ സങ്കീർണ്ണമായ ചുരുളുകൾ നിവർത്തി മനുഷ്യൻ വായിച്ചെടുത്ത ഈ പുതിയ ഭാഷയുടെ ബലത്തിലാണ് ജീവിത ശാസ്ത്രവും വൈദ്യ ശാസ്ത്രവും മുന്നോട്ട് ചരിക്കുന്നത് .ഹ്യൂമൻ ജീനോം പ്രോജക്ടിന് നേതൃത്വം നൽകിയ ശാസ്ത്രജ്ഞർ ജീവന്റെ പുസ്തകത്തില വിലപ്പെട്ട വിവരങ്ങളാണ് മനുഷ്യ സമൂഹത്തിന് മുമ്പാകെ വെളിപ്പെടുത്തിയിട്ടുള്ളത് . മനുഷ്യജീവിയുടെ സമ്പൂർണ്ണ ജനിതകമാപ്പ് തയ്യാറാക്കിയ വിവരമാണ് അവരാൽ പ്രഖ്യാപിക്കപ്പെട്ടത് .

ജനിതകഘടനയുടെ രഹസ്യ അറയുടെ താക്കോലാണ് ഈ കണ്ടെത്തൽവഴി മനുഷ്യന് കൈവന്നത് . മനുഷ്യന്റെ ജീവൽ പ്രവർത്തനങ്ങൾക്കെല്ലാം ആധാരമായ രാസസംജ്ഞകൾ കോഡു ചെയ്യപ്പെട്ടിരിക്കുന്ന ഡി . എൻ . എ . ഇനിയൊരു രഹസ്യമല്ലെന്നായിരുന്നു ഈനേട്ടത്തിന്റെ കാതൽ . എന്താണ് ഹ്യൂമൻ ജീനോം പ്രോജക്റ്റ് ?

ജീനോം എന്നാൽ ഒരു കോശത്തിൽ ഉള്ള ഈ പാരമ്പര്യവസ്തുവിന്റെ ആകെ തുകയാണ് . മനുഷ്യ പാരമ്പര്യസ്വഭാവങ്ങളെ നിയന്ത്രിക്കുന്ന ഘടകങ്ങളായ ജീനുകൾ കോശത്തിലെ മർമ്മഭാഗത്തുള്ള ഡി . എൻ . എ . യിൽ എങ്ങിനെ അടുക്കപ്പെട്ടിരിക്കുന്നു . എന്നു കണ്ടെത്തുവാനുള്ള ശ്രമത്തെയാണ് " ഹ്യൂമൻ ജീനോം പ്രാജക്റ്റ് "എന്നു പേരിട്ട് വിളിച്ചത് . ഈ പദ്ധതിയെക്കുറിച്ച് അറിയുംമുമ്പേ ഡി . എൻ . എ . യെക്കുറിച്ചും ജീനിനെക്കുറിച്ചുമുള്ള സാമാന്യവിവരം ശേഖരിക്കുന്നത് നന്നായിരിക്കും . നമ്മുടെ ശരീരം കോശങ്ങളാൽ നിർമ്മിതമാണ് . അച്ഛനമ്മമാരിൽ നിന്നാണ് നമ്മുടെ കോശങ്ങളുടെ ഉത്ഭവം . ഓരോ കോശത്തിലും ഒരു മർമ്മമുണ്ട് . ഇതിൽ ക്രോമസോം എന്ന നിറമുള്ള ഒരു വസ്തുവുമുണ്ട് . മനുഷ്യനിൽ ഇതിന്റെ എണ്ണം 23 ജോഡിയാണ് . അതായത് 46 എണ്ണം . 23 -ാമത്തെ ജോഡി നമ്മുടെ ലിംഗത്തെ നിർണ്ണയിക്കുന്നു . ഇവയെ ലൈംഗിക ക്രോമസോം അഥവാ സെക്സ് ക്രോമസോം എന്നും മറ്റുള്ള 22 ജോഡികളെ ശരീരക്രോമസോം എന്നും വിളിയ്ക്കുന്നു. ഈ 23 ജോഡിയും ചേർന്നതാണ് മനുഷ്യ ജീനോം.

ക്രോമസോം നിർമ്മിക്കപ്പെട്ടിട്ടുള്ളത് നാരുകൾ പോലെയുള്ള ഡി . എൻ . എ . രാസപദാർത്ഥങ്ങൾകൊണ്ടാണ്. ഇതിന് പിരിയൻ ഗോവണിയുടെ ആകൃതിയാണ് ( ഡബിൾ ഹെലിക്സ് ) . കാർബോഹൈഡ്രേറ്റായ

ഡി ഓക്സിറൈബോസ് , അഡിനൈൻ , തൈമിൻ , ഗ്വാനിൻ , സൈറ്റോസിൻ എന്നീ നാലു ന്യൂക്ലിയോടൈഡുകൾ , ഫോസ്റ്റേറ്റ് എന്നിവകൊണ്ട് നിർമ്മിതമാക്കപ്പെട്ടതാണ് ഡി . എൻ . എ .

ഈ സംയുക്തങ്ങൾ രണ്ടു ചുരുളുകളുടെ രൂപത്തിലാണ് ക്രോമസോമിൽ സ്ഥിതിചെയ്യുന്നത് . ഒരു അച്ചുതണ്ടിനു ചുറ്റും സമാന്തരമായി പിരിഞ്ഞുകിടക്കുന്ന രണ്ട് ഇഴകളായി ഇവയെ സങ്കല്പിക്കാം . ഡി ഓക്സിറൈബോസിന്റെയും ഫോസ്റ്റേറ്റിന്റെയും തന്മാത്രകൾ ഇടവിട്ടിടവിട്ട് ഒരു ചങ്ങലപോലെ നീളുന്നു . ഓരോ ചങ്ങലയിലും ന്യൂക്ലിയോടൈഡുകൾ കുറുകെ ഗോവണിപ്പടികൾ പോലെ സ്ഥിതിചെയ്യുന്നു . ഈ ന്യൂക്ലിയോടൈഡ് പടികൾ അടുത്ത ചങ്ങലയിലെ ന്യൂക്ലിയോടൈഡുമായി ബന്ധപ്പെട്ട് കിടക്കുന്നു. രണ്ടു ചങ്ങലകളും അവയെ ബന്ധിപ്പിച്ച് നിർത്തുന്ന പടികളും ചേരുമ്പോൾ ഒരു ക്രോമസോം ആകുന്നു..

ഓരോ കോശത്തിലും 46 ക്രോമസോം വീതമാണല്ലോ , ഇവയിൽ മുഴുവനുംകൂടി കോടിക്കണക്കിന് . . . ന്യൂക്ലിയോടൈഡുകളുണ്ടാവും . ആകെ 600 കോടി ന്യൂക്ലിയോടൈഡ് എന്നാണ് കണക്ക് . അടുത്തടുത്തുകിടക്കുന്ന മൂന്നു ന്യൂക്ലിയോ ടൈഡുകൾ പ്രവർത്തനക്ഷമമാകുന്നു . അവയ്ക്ക് ട്രിപ്ലറ്റ് എന്നാണ് പേര് . മൂന്നുവീതമുള്ള ന്യൂക്ലിയോടൈഡ് സംഘത്തിൽ . . . സംയുക്തങ്ങളെ 64 തരത്തിൽ ക്രമീകരിക്കാം .

അടുത്ത തലമുറയിലെ സ്വഭാവസവിശേഷതയയും പ്രവർത്തനത്തെയും നിർണ്ണയിക്കുന്ന ഏതെങ്കിലും ഒരു പ്രത്യേക പ്രോട്ടീനിന്റെ നിർമ്മാണം സാധ്യമാക്കാൻ ആവശ്യമായ ട്രിപ്ലറ്റുകളെ വഹിക്കുന്നതാണ് ജീൻ അഥവാ ജനിതകം . ക്രോമസോമിന്റെ ചെറിയ ഭാഗമാണിത് . പാരമ്പര്യമായി ഓരോ മനുഷ്യനും പകർന്നുകിട്ടുന്ന ചില ഗുണങ്ങളുടെ കലവറയും ജനിതകം തന്നെ . മനുഷ്യശരീരത്തിൽ 120000 ജീനുകളുണ്ട് . ഇവയെല്ലാംകൂടി 300 കോടിയിലേറെ ജനിതകകോഡ് ശൃംഖലയ്ക്ക് രൂപം നൽകുന്നു.

ഈ 300 ജോഡി ജനിതക കോഡുകളെയും ഇപ്പോൾ ശാസ്ത്രജ്ഞൻ കണ്ടെത്തിയിരിക്കുന്നു . ഇവിടെയാണ് ഹ്യൂമൻ ജീനോം പ്രോജക്റ്റിന്റെ പ്രസക്തി.നൈട്രജൻ ബേസുകളായ Adenine - A , Thymine - T , Guanine - G , Cytosine - C എന്നീ രാസവസ്തുക്കളാണ് ഡി . എൻ . എ . യുടെ അടിസ്ഥാനഘടനയ്ക്ക് രൂപം നൽകിയിട്ടുള്ളത് . ഏറ്റവും ചെറിയ വൈറസ് മുതൽ മനുഷ്യൻ വരെയുള്ള ജീവജാലങ്ങളുടെ സൃഷ്ടി സംബന്ധിച്ച വിവരങ്ങൾ ഈ നാലു ന്യൂക്ലിയോടൈഡുകളിൽ അടങ്ങിയിരിക്കുന്നു . അതായത് കേവലം 4 ന്യൂക്ലിയോടൈഡുകളുടെ ക്രമീകരണത്തിലാണ് ഭൂമിയിലെ സസ്യത്തിന്റെയും മൃഗത്തിന്റെയും വൈറസിന്റെയും മനുഷ്യന്റെയുമൊക്കെ സൃഷ്ടിയുടെയും ജീവന്റെയും രഹസ്യം . ഇവ ഏതു രീതിയിൽ മനുഷ്യ ഡി . എൻ . എ . യിൽ ക്രമീകരിച്ചിരിക്കുന്നു എന്നറിയുകയായിരുന്നു ജീനോം പ്രോജക്റ്റിന്റെ ഉദ്ദേശ്യം , 46 ക്രോമസോമുകളിലേയും ഡി എൻ എയുടെ

ക്രമീകരണത്തെക്കുറിച്ചാണ് ഈ പദ്ധതി സംസാരിക്കുന്നത്.

ജനിതകവിവരങ്ങളുടെ അസാധാരണ ബാഹുല്യം നിമിത്തം വിവരസാങ്കേതിക വിദ്യയിൽ " ബയോ - ഇൻഫർമാറ്റിക്സ് " എന്നൊരു പ്രത്യക ശാഖതന്നെ കരുത്താർജിച്ചു . ഓരോ പ്രത്യേകരോഗത്തെയും തന്മാത്രാ തലത്തിൽ തിരിച്ചറിയാൻ സഹായിക്കുന്ന കമ്പ്യൂട്ടർ പ്രോഗ്രാമുകൾ നിലവിൽ വന്നു . ഇത്തരം പ്രോഗ്രാമുകൾ നിർമിക്കുന്ന സോഫ്റ്റ് വെയർ കമ്പനികളും രംഗത്തെത്തും . ഡോക്ടറെ കാണാൻ പോകുന്ന ഒരാൾ തന്റെ ജനിതകവിവരങ്ങൾ ആലേഖനം ചെയ്തിട്ടുള്ള ഡി എൻ എ . ചിപ്പുകൾ ( ജീൻ ചിപ്പുകൾ ) കൈയ്യിൽ കരുതുന്ന കാലം വിദൂരമല്ല . ശാസ്ത്രം അതിന്റെ പടവാൾകൊണ്ട് അരിഞ്ഞ് വീഴ്ത്തിയ പ്ലേഗ് , കോളറ , വസൂരി തുടങ്ങി നിരവധി രോഗങ്ങളോടൊപ്പം ആ പട്ടികയിൽ പാരമ്പര്യമായി ഉണ്ടാകുന്ന സ്മൃതിനാശരോഗം ( അൽഷിമേഴ്സ് രോഗം ) , പാർക്കിൻസൺസ് രോഗം , ഹൃദ്രോഗം , സ്തനാർബുദം , കഷണ്ടി , പൊണ്ണത്തടി , ആസ്മ സോറിയാസിസ് , പ്രമേഹം , ബധിരത , ചുഴലിദീനം , ചെന്നിക്കുത്ത് ( മൈഗ്രയ്ൻ ) എന്നിവയും തുടച്ചുമാറ്റപ്പെടുന്ന കാലം ഭാവിയിൽ ഉണ്ടാകുന്നു .

ജീനോം വിവരങ്ങൾ കൊണ്ട് പല രോഗങ്ങളും ശരീരത്തെ ബാധിക്കുന്നതിനുമുമ്പ് ജനിതകതലത്തിൽ ( തന്മാത്രാതലത്തിൽ) തന്നെ സൂചനകൾ കണ്ടെത്താനാവും ജനിതകവും അല്ലാത്തതുമായ നിരവധി രോഗങ്ങൾക്കും ആരോഗ്യപ്രശ്നങ്ങൾക്കും ഫലപ്രദമായ പുതിയ ചികിത്സ വികസിപ്പിക്കാൻ സഹായിക്കുന്ന വിവരങ്ങളുടെ ഒരു അക്ഷയഖനിയാണ് ജീനോ

സംഗ്രഹം .

യുവത്വം നിലനിർത്താനും വാർദ്ധക്യത്തെ ആട്ടിപ്പായിക്കാനും എന്തിന് മരണത്തെ അകറ്റിനിർത്താനുംവരെ പുതിയ കണ്ടുപിടുത്തത്തിന് കഴിഞ്ഞേക്കും . രാവിലെ പല്ലുതേക്കുമ്പോൾ തന്നെ ആരോഗ്യം അളക്കാൻ കഴിയുന്ന പുതിയ ലോകമാണ് മനുഷ്യനെ കാത്തുനിൽക്കുന്നത് .

ജീനുകളെ അവയുടെ സ്വഭാവമനുസരിച്ച് വേർതിരിച്ചറിയാനായാൽ നല്ല ജീനുകളെ മാത്രം സ്വീകരിച്ചുകൊണ്ടു ഒരു മനുഷ്യവർഗ്ഗത്തിന് രൂപം നൽകാൻ കഴിഞ്ഞേക്കും സാധാരണ മനുഷ്യർ ഒരു ഭാഗത്തും ഇത്തരം സൂപ്പർ മനുഷ്യൻ മറുഭാഗത്തും വരും. ഡാർവിന്റെ പരിണാമസിദ്ധാന്തത്തിലെ അർഹതയുള്ളവയുടെ അതിജീവനം ' എന്ന പ്രതിഭാസം ഭൂമിയിൽ പുതിയ രീതിയിൽ നടപ്പിൽ വരും . ഇവിടെ ആര് അതിജീവിക്കണമെന്ന് , ജീനുകൾ തീരുമാനിക്കുന്നു . ഓരോരുത്തരുടെയും ജീനുകളെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിക്കാനും അവയെ ഉപയോഗിച്ച് ടെസ്റ്റ് ട്യൂബ് ശിശു സങ്കേതത്തിലൂടെ പുതിയ ഡിസൈനർ ബേബി യ്ക്ക് രൂപം നൽകാനും കഴിഞ്ഞാൽ ലോകക്രമം മാറിമറിയും ചുരുക്കത്തിൽ കോടിക്കണക്കിന് "വിവരങ്ങൾ "അടങ്ങിയ ജീവന്റെ പുസ്തകമായിരിക്കും ഹ്യൂമൻ ജീനോം പ്രൊജക്റ്റിലൂടെ തയ്യാറായിക്കൊണ്ടിരിക്കുന്നത് . പുസ്തകത്തിലെ പേജുകളെല്ലാം ശരിയായ രൂപത്തിലാണ്. ഈ വിവരങ്ങൾ യുക്തിപൂർവ്വം വിശകലനം ചെയ്ത് ഇനി അറിവാക്കി മാറ്റണം ജീനുകളെന്ന രാസവാചകങ്ങൾ കണ്ടെത്തണം. ഇവയിലെ ഏത് അക്ഷരപ്പിശകുകളാണ് രോഗങ്ങൾക്ക്

വഴിവയ്ക്കുന്നതെന്ന് തിരിച്ചറിയണം. എന്നുവച്ചാൽ ജനിതകരഹസ്യങ്ങളുടെ വിശാലഭൂമിയിലേക്ക് ഹ്യൂമൻ ജീനോം പ്രൊജക്ടിലൂടെ ശാസ്ത്രം പാദമൂന്നിയിരിക്കുകയാണ്

ശാസ്ത്രചരിത്രത്തിൽ മനുഷ്യൻ ചന്ദ്രനിൽ കാലുകുത്തിയതിനേക്കാളും മഹത്തായ നേട്ടമായിരിക്കും ഈ കണ്ടെത്തലെന്ന നമുക്ക് കരുതാം .



***പ്രിയങ്ക. എസ്, HST Natural Science***

കഥ

# ഉച്ചവെയിൽ

അന്നെനിക്ക് 20 വയസ്സായിരുന്നു. നിസാമുദ്ദീൻ എക്സ്പ്രസ്സിൽ രാവിലെ ഒരു 10 മണി ആയപ്പോഴേക്കും കയറി. നല്ല തിരക്കുണ്ടായിരുന്നു. ഇരിക്കാൻ സ്ഥലം കിട്ടില്ല. രാവിലെ ഒന്നും കഴിച്ചതുമില്ല. അതുകൊണ്ട് നല്ല വിശപ്പുണ്ടായിരുന്നു. കൈയ്യിൽ പിതാജി തന്ന 50 രൂപയുമുണ്ടായിരുന്നു. അടുത്ത സ്റ്റേഷൻ എത്തിയപ്പോൾ കഷ്ടിച്ച് ഇരിക്കാനൊരു സീറ്റ് കിട്ടി. കുറച്ച് കഴിഞ്ഞപ്പോൾ പഴംപൊരിയും ചായയും വന്നു. 10 രൂപയായി. 40 രൂപ പിതാജി നട്ടുച്ചക്ക് വെയിലിൽ കിടന്ന് പണിചെയ്തുടുന്ന കാഷാണ്. സൂക്ഷിച്ചുപയോഗിക്കണമെന്ന് പ്രത്യേകം പറഞ്ഞിരുന്നു. പാടത്ത് കൃഷി ചെയ്തും മൺകലം നിർമ്മിച്ചും കിട്ടുന്നകാഷ് വീട്ടാവശ്യത്തിന് മാത്രമേ തികയൂ. മൂത്തത് രണ്ട് സഹോദരിമാരാണ്. മല്ലികയും വസുമതിയും . മല്ലികയുടെ കല്ല്യാണം കഴിഞ്ഞിരുന്നു. പക്ഷെ ദീയുടെ ഭർത്താവ് മരിച്ചതിനാൽ ഞാൻ ഞങ്ങളുടെവിട്ടിലാണ്. വസുമതിനന്നായിപഠിക്കും. പക്ഷെ, പത്താംക്ലാസ്സ് കഴിഞ്ഞപ്പോൾ തുടർന്ന് പഠിക്കാൻ സാധിച്ചില്ല. ഒരുപാട് പ്രാരാബ്ധങ്ങൾ തോളിലേറ്റിതന്നാണ് പിതാജി വണ്ടി കയറ്റിയത്.

തിരുവനന്തപുരം സ്റ്റേഷനെത്തി. കൈയ്യിൽ ഒരു ജോടിയുടുപ്പുണ്ട്. പിന്നെയൊരു 40 രൂപയും. ഉടുപ്പ് പത്രത്തിന്റെ ഒരു താളിൽ പൊതിഞ്ഞിരിക്കുകയായിരുന്നു. എന്ത് ചെയ്യണമെന്നറിയാതെ അവിടിരുന്നു.

അപ്പോഴാണ് കണ്ടത് A/C സെക്ഷന്റെ വാതിലിൽ രണ്ട് പെട്ടികളുമായി ഒരു ആൾ നിൽക്കുന്നത്. പൊതിയവിടെവെച്ചിട്ട് അയാളുടെ അടുത്ത് ചെന്ന് പെട്ടിയെടുക്കട്ടെ എന്ന് ഹിന്ദിയിൽചോദിച്ചു.അയാളും ഹിന്ദിയിൽ തന്നെയാണ് മറുപടി പറഞ്ഞത്.ഒരു പെട്ടിതലയിലും ഒരു പെട്ടി കൈയ്യിലുമാ കൊണ്ടുപോയി.ഒരു പെട്ടി ടാക്സി വിളിച്ച് പെട്ടിയെല്ലാം വെച്ച് അയാളെ യാത്രയാക്കി.1000 രൂപ അയാൾ എനിക്ക് തന്നു.തിരിച്ച് നടന്ന് മുബിരുന്ന സ്ഥലത്ത് ചെന്ന് പൊതി നോക്കി എങ്ങും കാണുന്നില്ല.സ്റ്റേഷനിൽ നല്ല തിരക്കുണ്ടായിരുന്നു പക്ഷെ, എനിക്കറിയാത്തത് ആ ഒരു ജോടി ഉടുപ്പ് ആർക്ക് എന്ത് ചെയ്യാണെ-ന്നാണ്.ഒരു പക്ഷെ ആർക്കെങ്കിലും അബദ്ധം പറ്റിയതായിരിക്കാം.

സ്റ്റേഷനിൽ നിന്നിറങ്ങി നേരെ ഒരു ഹോട്ടിലേക്ക് പോയി.ഊണ് വാങ്ങി കഴിച്ചു.അപ്പോഴാണ് തോന്നിയത് ഇവിടെ തന്നെ എന്തെങ്കിലും ജോലി നോക്കാമെന്ന്.പക്ഷെ,ഹോട്ടൽ മുതലാളി സമ്മതിച്ചില്ല കേട്ടപ്പോൾ ദേഷ്യം വന്നു.ഇറങ്ങി ഒരൊറ്റനടത്തമായിരുന്നു.ആ നട്ടുച്ച സമയത്ത് എന്ത് ചെയ്യണമെന്നറിയാതെ നിരാലംബിനായി നിന്നു. ഞാനറിയാതെ എന്നെ ഓർമ്മിച്ചു,പിതാജിയുടെ കഷ്ടപ്പാടും മാതാജിയുടെ കട്ടിലിൽ കിടന്നുള്ള ജീവിതവും മല്ലികയുടെയും വസുമതിയുടെയും കണ്ണീരും......

ഒരു കടയുടെ അടുത്ത് വെയിലും കൊണ്ട് ഒരാൾ പൂച്ചട്ടി നിർമ്മിക്കുന്നു.ഒറ്റനോട്ടത്തിൽ തന്നെ അതൊരു ബംഗാളിയാണെനിക്ക് മനസ്സിലായി.എന്നേക്കാൾ ഒരു 22 വയസ്സ് മൂപ്പ് കാണും .ഒരു ജോലി തരുമോ എന്ന് ഞാൻ യാചിച്ചു.അയാൾ കൂടുതലൊന്നും പറയാതെ നാളെത്തന്നെ വരാൻ പറഞ്ഞു.എനിക്കപ്പോൾ

ഒരായിരം പൂക്കാലം എന്നെ വന്ന് പുണർന്നത് പോലെയായിരുന്നു.

പക്ഷെ,എനിക്ക് വീടില്ല,ഞാനൊരു ജോലി അന്വേഷിച്ച് ആന്ധ്രാപ്രദേശിൽ നിന്നും വന്നതാണെന്നറിഞ്ഞപ്പോൾ ആ വലിയ മനുഷ്യൻ,അദ്ദേഹത്തിന്റെ കഥ എന്നോടും പറഞ്ഞു.30 കൊല്ലമായി ഇവിടെ വന്നിട്ട് എന്ന് കേട്ടപ്പോൾ എനിക്ക് ആശ്ചര്യമായി.പിന്നീടങ്ങോട്ടൊരു 17 വർഷക്കാലംഅദ്ദേഹത്തോടൊപ്പ-മായിരുന്നു ഞാൻ.രാവിലെയും ഉച്ചക്കും വൈകിട്ടും ചട്ടി ഉണ്ടാക്കണം.വാങ്ങാനാളുകൾ വരുമ്പോൾ വിൽക്കണം.ചിലപ്പോൾ ചിലർ ഓർഡർ തരുമ്പോൾ കൊണ്ടുകൊടുക്കുകയും വേണം. 17 വർഷത്തിനിടയിൽ 3 തവണ ഞാൻ നാട്ടിൽ പോയി. ഒന്ന്,വസുമതിയുടെ കല്ല്യണത്തിന്,പിന്നെ മാതാജി മരിച്ചപ്പോൾ പിന്നെ പോയത് പിതാജിക്ക് അസുഖം കൂടിയപ്പോഴുമാണ്.

ഞാൻ പറഞ്ഞല്ലോ 17 കൊല്ലം ഞാനും അദ്ദേഹവുംഒന്നിച്ചായിരുന്നെന്ന്,അതുകഴിഞ്ഞപ്പോൾഅദ്ദേഹം മരിച്ചു.പിന്നീട് ഞാനൊറ്റയ്ക്കായി .ഇപ്പോൾ ഇതാ നീയും വന്നല്ലോ!

"അതെ.ഇപ്പോൾ ഭായ് ഇവിടെ വന്നിട്ട് എത്രകൊല്ല മായ് ?" 52 വർഷം.നീ രണ്ട് ദിവസമല്ലേ ആയുള്ളൂ.ഏതായാലും രാത്രിയായി ഇനിയുറങ്ങാം.മോനുറങ്ങിക്കോ അവർ രണ്ടുപേരും നിദ്രയുടെ ചുവട്ടിലേക്ക് വഴുതി വീണു;ജീവിതത്തിനും മരണത്തിനുമിടയിലുള്ള ഓട്ടപ്പാച്ചിലിനിടയിൽ വിശ്രമകേന്ദ്രം തേടുന്നത് പോലെ.

*    *    *

**ഫാത്തിമ നെസ്ലി ,XB**

കവിത

# വഴിത്താര

ദിനരാത്രങ്ങൾ നിങ്ങുമീ ജീവനമാം
വഴിത്താരയിൽ
ജീവനതൻ പാതയെ നടന്നു ഞാൻ
എത്തിയീ ഗോപുരവാതിൽക്കൽ
തന്നെ നടന്നു ഞാൻ അച്ഛനൊപ്പ
മില്ലാതെ അമ്മയൊപ്പമില്ലാതെ
എന്നെയവർ ആദ്യം ഒരു കിളിക്കുഞ്ഞെ
ന്നപ്പോൾ പറക്കാൻ
പഠിപ്പിച്ചു ഇന്നിതാ അവരോപ്പമില്ലാതെ
ആ പാദയെ പിന്തുടർന്ന്
ഞാൻ താനെ നടക്കുന്നു
അന്ത്യമില്ലാത്തൊരു പാതയിൽ
ഞാൻ ജീവനമാം മഴ നനയുമൊരു
പക്ഷിയെ പോലെയാണ് ആ മഴ തീർന്നാലു
ടൻ പക്ഷി ചിറക് കുടയുന്നതു പോലെ എന്റെ
സങ്കടങ്ങളും എന്നെ വിട്ടകന്നിരുന്നെങ്കിൽ
എന്നു ഞാൻ ആഗ്രഹിച്ചു
ജീവനമാം കാർക്കുന്തൽ കാത്തുസൂക്ഷിച്ചില്ലെ
ങ്കിൽ? അത് എന്നെന്നെക്കുമായി
നമ്മെവിട്ടകലും................

**അഞ്ജനലാൽ,VIII.B**

# ***FAMOUS QUOTES***

*"Let us always meet each other with a smile,for the smile is the beginning of love" -Mother Teresa*

*"A friend is someone who gives you total freedom to be yourself"-Jim Morrison*

*"Life is not about finding yourself.Life is about creating yourself"-George Bernard Shaw*

*"Great minds discuss ideas,average minds discuss events,small minds discuss people"-Eleanor Roosevelt*


*"Those who dare to fail miserably can achieve greatly"-John.F.Kennedy*

*"When one door of happiness closes,another opens,but often we look so long at the closed door that we do not see the one which has been opened for us"-Helen Keller*

ബിന്ദു കെ. എസ്
*HST ENGLISH*



*GAYATHRI BIJU*
*X.B*



**ARJUN.M**
**IX.A**





***FARHANA SALIM***
***X,B***





**FARHANA SALIM**
**X,B**





*AYANA.V.ANIL,*
*VI B*



***NITHYA.S***
***VIII.B***



*JAYAKANTH.J*
*VIII.B*

# നന്ദി....

School phone number-
0477 2271364

School email id-
35019alappuzha@gmail.com